
മാർ ഇഗ്നേഷ്യസ്
പാത്രിയർക്കീസ്
ചരിത്രം



സർവ്വശക്തനായി കാതൽതപം തിങ്ങപ്പെട്ട
ആദ്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്താൽ
തനിക്കു സ്തുതി.

അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും
ശ്ലീഹായുടെ സിംഹാസനത്തിൽ
സുറിയാനി ജാതിമേൽ
മഞ്ഞരപ്പെട്ടിരിക്കുന്ന മൂന്നാമത്തെ
പത്രോസ എന്ന ഇഗ്നാത്യോസ

പാത്രിയക്കീസ



മലയാളത്തിലുള്ള യാക്കോബായ സുറിയാനി
ക്കാരായ നമ്മുടെ ആത്മീക മക്കളുടെമേൽ കൈ
വിടാതിരിക്കുന്ന കൃപയും ആകാശത്തിന്നടുത്ത
വാഴ്വും വന്നു വസിക്കുമാറാകട്ടെ.

[illegible]വമായ കർത്താവിന്റെ വാഴ്വ നിങ്ങളു
[illegible]ങ്ങളുടെ ഭവനങ്ങൾമെലും നിങ്ങളു
[illegible]ും നിങ്ങളുടെ സകലത്തിന്മെലും
[illegible]മാറാകട്ടെ.

ആത തമ്പുരാനെ പ്രസവിച്ച അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

സത്യമുള്ള നിങ്ങളുടെ സ്നേഹത്തോടു നാം അറിവിക്കുന്നത എന്തെന്നാൽ, നമ്മുടെ സഭയുടെ ചട്ടം പൊലയും കനൊന പൊലെയും നമ്മുടെ ജനത്തിൽ നിന്ന റീശീസ ശെഖരിക്കുന്നതിന്ന നിങ്ങൾക്ക നാം കല്പന അയച്ചിട്ടുണ്ടല്ലൊ. എന്നാൽ അതിനെക്കുറിച്ച അശ്രദ്ധിക്കുട്ടത്ത വൈരാഗ്യം നിങ്ങൾ ചെയ്യുവെഗത്തിൽ അതിനെ ശെഖരിപ്പാൻ നിങ്ങൾക്ക ന്യായമാകുന്നു.

എന്നാൽ, ഒരം കാര്യത്തെക്കുറിച്ച ഇന്നാകുട്ടെ നാളയാകട്ടെ, എന്നു അവധിപറഞ്ഞു മീശ്ല പ്പെടുത്തുവാൻ മൈവത്തിൽ നിന്ന നിങ്ങൾക്ക അധികാരം ഇല്ല. പട്ടക്കാരൻ ഒരുത്തന്റെ ഭവനത്തിന്ന റീശീസ പിരിപ്പാൻ വരുന്നുവെങ്കിൽ വൃഥാ അവനെ തിരിച്ച അയക്കുന്നത യാതൊരു പ്രകാരത്തിലും നിങ്ങൾക്ക യുക്തമല്ലെന്നും പാത്രിയക്കീസിന്റെ റീശീസായ്ക്ക നിങ്ങൾ കടക്കാരരാകുന്നു എന്നും പ്രത്യേകം അറിഞ്ഞുകൊള്ളണം. നീതിമാൻ കടംവാങ്ങിച്ചാൽ ആ കടത്തെ അവൻ സ്നേഹത്തോടുകൂടെ വീട്ടുന്നു എന്നും, ദുഷ്ടൻ വീട്ടുന്നതല്ലായെന്നും, മാവീരന്മ്മ പറഞ്ഞിരിക്കുന്നതിനെ ഓർത്തുകൊ

എന്നാൽ, ശുദ്ധമുള്ള മൂറൊനാൽ ചെയ്യപ്പെട്ടവൻ അതിന്റെ പ്ര

ക്കാതെ ഇരുന്നാൽ അവന്റെ ശരീരം വെടിപ്പാ
യിരിക്കയില്ല. എന്തെന്നാൽ അവൻ വെടിപ്പാ
കുന്നത ശുദ്ധമുള്ള മൂറൊൻകൊണ്ടും വെടിപ്പുള്ള
മാമ്മൊദീസായുടെ പൂർണ്ണതകൊണ്ടും അത്രെ.
അതിനാൽ സ്വർഗ്ഗത്തിലുള്ള പിതാവിന്റെ മക്ക
ളും ൎരംശൊമിശിഹായുടെ സഹൊദരന്മാരും ആയി
തീരുന്നതും അത്രെ. എന്നാൽ, യൊഹന്നാൻ
വെള്ളം കൊണ്ട മാമ്മൊദീസാ മുക്കി നിങ്ങൾ ൟ
ഹാദക്കുദശായാൽ മാമ്മൊദീസാ മുഴുകുമെന്ന ശ്ലീ
ഹന്മാരുടെ നടപ്പു പുസ്തകമാകുന്ന പ്രക്സീസിൽ
കല്പിക്കപ്പെട്ടിരിക്കുന്നതുപൊലെതന്നെ.

അത്യകാലങ്ങളിൽ ദൈവം മൂശ നിബ്യായൊ
ട കല്പിച്ചത എന്തെന്നാൽ സൈത്ത എണ്ണയിൽ
നിന്നും വെടിപ്പുള്ള സുഗന്ധ വൎഗ്ഗങ്ങളിൽ നി
ന്നും കൂട്ടിച്ചെത്ത അഭിഷെക തൈലം നീ
ഉണ്ടാക്കുക എന്നും അതിനാൽ മശ്കൻ സബ
നായെയും ജീവസ്സുകളുടെ മെശയെയും ബെസ്സ
ലിശാ എന്ന ശുദ്ധസ്സുലത്തിന്റെ സകല വ
സ്തുക്കളെയും അതിനാൽ പട്ടക്കാരനെയും നിബി
യന്മാരെയും അഭിഷെകംചെയ്ക എന്നും മരിച്ചവ
ന്റെ ശരീരത്തിൽ അതിനെ പൂശരുത എന്നും
അതിന്റെ സാദൃശത്തിൽ ഉണ്ടാക്കുന്നവൻ ന
ശിച്ചു പൊകുമെന്നും കല്പിക്കുകയും അതിന്റെ
ശെഷം ഇസ്രായെൽ പുത്രന്മാര ദൈവ കല്പന
യെ ലംഘിച്ചു പൊട്ട ബിംബങ്ങളാകുന്ന കല്ലി
നെയും മരത്തെയും പൊന്നിനെയും വെള്ളിയെ

യും അവര കുമ്പിട്ട ദൈവാരാധനയെ വിഗ്ര
ഹാരാധനയായി അവര പകർത്തി അത ഹെതു
വായിട്ട വലിയ പാപവും വീഴ്ചയും അവക്കു സം
ഭവിച്ചു.

ഇസ്രായെൽ എന്റെ കടിഞ്ഞൂൽ പുത്രൻ എ
ന്നും, എന്റെ വാത്സല്യമുള്ളവനെന്നും, ആരു
ചെയ്യിരിന്ന ആകാശത്തിന്നടുത്ത അവരുടെ
പിതാവായ ദൈവത്തെ അവര ഉപെക്ഷിച്ചു
എങ്കിലും തന്റെ അത്യുഗ്ര കരുണയാൽ അവരൊട
പ്രസംഗിച്ച തിരിപ്പിപ്പാനായിട്ട നിബ്ബ്യയന്മാ
രെയും ഉപദെഷ്ടാക്കന്മാരെയും താൻ കല്പിച്ചയച്ചു
അവരെയും, അവര കെട്ടില്ല. പിന്നത്തെതിൽ
യൊഹന്നാൻ മാംദാനായെ കല്പിച്ചയച്ചു. അ
ദ്ദെഹം എല്ലാവരും അനുതപിച്ച മാമ്മൊദീസ മു
ഴുകുവാനായിട്ട യൊർദ്ദനാൻ അരിൻ തെറ
ത്തിന്റെ മാമ്മൊദീസായെ കുറിച്ച അറിവിച്ചു.
അദ്ദെഹത്തെയും അനുസരിക്കാതെ വിലങ്ങിട
ത്തിൽ ഇട്ട കൊല്ലുകയുംചെയ്തു. അതിന്റെ ശെ
ഷം മിശിഹാ എഴുന്നള്ളി താൻ പ്രസംഗിച്ച
അവരെ പഠിപ്പിക്കുകയും അവരുടെ ഇടയിൽ വ
ലിയ അടയാളങ്ങളും അത്ഭുതങ്ങളും പ്രവൃത്തിക്കു
കയും ചെയ്തിട്ടും തന്റെ തിരുവചനങ്ങളെ അ
വര വിശ്വസിക്കാതെ ഐശ്വര്യത്താൽ തി
ന്മകളെ ചെയ്യുവനെ പൊലെ കണക്കിട്ട സ്ലീ
ബായിൽ തൂക്കി- നന്മക്കു പകരം തിന്മ അവ
ര തന്നൊട പ്രതിപകരംചെയ്തു.

ഇത ഹെതുവായിട്ട അവരിൽനിന്ന രാജിത

സികൾക്ക ജീവരക്ഷയുണ്ടാകുന്ന ആത്മീകരഹസ്യത്തിൽനിന്നു ആരും നിങ്ങളെ തിരിപ്പിക്കാതെയും ഇരിപ്പാനായിട്ട നിങ്ങൾ സൂക്ഷ്മതപ്പെട്ടുകൊൾവിൻ.

പിന്നെയും പരമാർത്ഥികളായ ജനങ്ങളിൽ നിന്ന ഗുരുത്രതന്മാർ എന്നും അദ്ധ്യക്ഷന്മാരെന്നും വിളിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരായ നിഗളികളിൽനിന്നും അഹംഭാവികളിൽനിന്നും നിങ്ങൾസൂക്ഷ്മതപ്പെട്ടുകൊൾവിൻ. ഉദയനക്ഷത്രമായിരുന്ന പ്രധാന ദൈവദൂതൻ നിഗളംനിമിത്തം അന്ധകാരത്തിലെക്ക തള്ളപ്പെടുന്നതിന്ന സംഗതിവന്നു എന്നും അപ്രകാരം അവന്ന സ്നേഹിതന്മാരായി തീർന്ന അവരുടെ സ്രഷ്ടാവായ ദൈവത്തിന്ന വിരോധികളായി സാധുക്കളായ ജനത്തെ അവരുടെ നയവഞ്ചനത്താൽ തട്ടിക്കുന്നവരെ മെൽ പറഞ്ഞ ഇരുൾവാസികൾക്ക സമമായി തീരുമെന്നുള്ളതിനെ അവർ അറിയുന്നില്ലാ.

എന്നാൽ സെലൂൻബെല്ലാമ്മാ എന്ന മൊഴി ചൊല്ലികഴിഞ്ഞാൽ ജനമൊക്കയും പിരികയും കുമ്പിടാന കൈക്കൊള്ളുന്നതിന്ന ഒരുങ്ങപ്പെട്ടിട്ടുള്ളവർ താമസിച്ചു കുമ്പിടാന കൈക്കൊള്ളുകയും ചെയ്യുവരുന്നു. ഇനി മെലാൽ യാതൊരു പട്ടക്കാരനും സെലൂൻബെല്ലാമാ ചൊല്ലുന്നതിന്നു മുമ്പെ ജനത്തിന്നു കുമ്പിടാന കൊടുപ്പാൻ ദൈവത്തിൽനിന്നു അധികാരം ഇല്ല. ഒരു കല്പനയെ ധിക്കരിക്കുന്നവൻ തന്റെ പട്ടതപത്തിൽ നി

രുഞ്ചാന, മാമ്മോദീസാ, പെങ്കെട്ട. ശവ സംസ്കാരം, മരിച്ചവരെകുറിച്ചുള്ള അടയന്തിരങ്ങൾ മുതലായുള്ളതൊക്കയും ഇവിടെയുള്ള കിഴമ യ്യാദപ്രകാരം മെല്പട്ടക്കാക്കും പട്ടക്കാക്കും പള്ളിക്കും ഉള്ള എല്ലാ അവകാശങ്ങളും കൊടുത്തുകൊള്ളുകയും വെണം.

അമ്പതു നൊയമ്പിന്റെ ആദ്യത്തെ ബുധനാഴ്ച ഇവിടങ്ങളിൽ കുരിശുവര എന്നുംപറഞ്ഞ എണ്ണപൂശൽ കഴിച്ചുവരുന്നതു നമുക്കുള്ളതല്ലായ്കയാൽ മെലാൽ അതുചെയ്യാതെ നൊമ്പുതുടങ്ങുന്ന തിങ്കളാഴ്ച എല്ലാവരും പള്ളിയിൽകൂടി ശുബെക്കാനാ എന്നക്രമം കഴിക്കേണ്ടതാകുന്നു.

സ്ലീപ്പൂസായുടെ വെള്ളിയാഴ്ചയുടെ തലേരാത്രി പള്ളിയകത്തുള്ള വിളക്കുകളും ഒക്കയും കെടുത്തി ചില ക്രമങ്ങളും ചെയ്യുവരുന്നതായി നാം കൊൾക്കുന്നു. എന്നാൽ അതു കല്പായ മര്യാദ അതുകയാൽ മെലാൽ അങ്ങിനെ ചെയ്യാതെ അതുരാത്രിയിൽ ഉറക്കമൊഴിഞ്ഞ കഷ്ടാനുഭവത്തിന്നടുത്തനമസ്കാരം പ്രാർത്ഥനമുതലായവകഴിച്ചുകൊള്ളുണം.

കേട്ടു അനുസരിക്കുന്നവരുടെ മേൽ ദൈവത്തിന്റെ കൃപയും സമാധാനവും സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആമ്മീൻ,

അതുകാരണത്തിലുള്ളഞങ്ങളുടെബാവാ ഇത്യാദി.

എന്ന- മലയ്ക്കൽ- മകരം മർക്കോസ്

കൊച്ചി കൊട്ടപ്പുള്ളിയിൽ നിന്നും.

—*—❖—*—

marggam
Digital Library of Christianity in India
www.marggam.com

A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.



CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org